

# ഊരൊളി

The light of village

**SGM GHSS**

**KOLATHUR**

# ഉള്ളടക്കം


നാലുകെട്ട്- വായനക്കുറിപ്പ്

മഴക്കാലത്തെ അനുഭവം

ലഹരി തകർക്കുന്ന ജീവിതം

കടകങ്ങളിലൂടെ -യാത്രക്കുറിപ്പ്

തനിച്ചിരിക്കുമ്പോൾ

# നാലുകെട്ട്

## വായനക്കുറിപ്പ്

അക്ഷര കുലപതിയായ എം ടി വാസുദേവൻ നായരുടെ സാഹിത്യ വൈഭവം ജനങ്ങൾ എത്തിച്ച നോവലാണ് 1958ൽ പ്രസിദ്ധീകരിച്ച "നാലുകെട്ട്" സമൂഹത്തിന്റെ കാഴ്ചപ്പാടുകളെയും മാനുഷിക മൂല്യങ്ങളുടെയും സങ്കലനം ആണ് അക്ഷരങ്ങളിലൂടെ നാലുകെട്ടായി പിറവിയെടുത്തത്. അപ്പുണ്ണി എന്ന കുട്ടിയിലൂടെയാണ് നോവൽ ആരംഭിക്കുന്നത്. അപ്പുണ്ണിക്ക് കഥ പറയുന്ന മുത്തശ്ശി, അപ്പുണ്ണിയുടെ അമ്മ, അവർക്ക് സഹായവുമായി എത്തുന്ന ശങ്കരൻ നായർ,അപ്പുണ്ണിയുടെ അമ്മയെ സഹായിക്കുന്ന കുട്ടൻ മാമ, അമ്മയില്ലാത്തതിന്റെ കുറവ് നികത്തുന്ന അമ്മമ്മ, മാളുവിന്റെ പരിഗണനയും എല്ലാം നാലുകെട്ടിലെ ജീവിത ലോകത്തിലേക്ക് വായനക്കാരെ എത്തിക്കുന്നു എന്നത് എം.ഡി.യുടെ മാന്ത്രികത തന്നെയാണ്. ഒരു കാലഘട്ടത്തിന്റെ നോവൽ എന്ന് പറയാവുന്ന നാലു കെട്ടിന്റെ നട്ടെല്ല് എന്ന് വിശേഷിപ്പിക്കാവുന്നത് ഒരു അമ്മയുടെ സ്നേഹവും സഹനവും കരുതലും ആത്മാർത്ഥമായ ശങ്കരൻ നായരുടെ സ്നേഹവും തന്നെയാണ്. പ്രതികൂല സാഹചര്യത്തിലും ലക്ഷ്യം കാണാനുള്ള അപ്പുണ്ണിയുടെ മനസ്സും പണത്തിന് സമൂഹത്തിലുള്ള പ്രാധാന്യവും വിദ്വേഷം സത്യത്തെ മറക്കുമെന്നും എന്നും തെറ്റുകൾ പറ്റിയാൽ അത് തിരുത്താം എന്നും അതുവഴി ഇടുങ്ങിയ ചിന്തകളുടെ നാലുകെട്ടുകൾ ഇടിയണമെന്നും എം.ഡി. വരച്ചു കാട്ടുന്നു. വാക്കുകളിലൂടെ ദൃശ്യാവിഷ്കാരം തരുന്ന ഈ നോവൽ ഒരിക്കലെങ്കിലും വായിച്ചിരിക്കേണ്ടതാണ്.

# മഴക്കാലത്തെ അനുഭവം

മഴക്കാലത്തെ രസകരമായ ഒരു അനുഭവമാണ് എൻറെ മനസ്സിലേക്ക് വരുന്നത്.മീൻപിടുത്തക്കാരൻ ആയിരുന്നു എൻറെ ചേട്ടൻ നിങ്ങൾ വിചാരിക്കുന്നത് പോലെ വള്ളത്തിൽ കയറി വലയെറിഞ്ഞ് മീൻ പിടിക്കുന്ന പരിപാടിഒന്നുമല്ല.പ്ലസ് ടു കഴിഞ്ഞ് ക്ലാസ്സ് ഒന്നും ഇല്ലാതെ ഇരിക്കുന്നതുകൊണ്ട് മഴക്കാലമായാൽ കൂട്ടുകാരോടൊപ്പം ചൂണ്ടയുമായി മീൻ പിടിക്കാൻ ഇറങ്ങും...വല്ല കുളത്തിലോ തോട്ടിലോ ഒക്കെ അങ്ങനെ ബൈക്കിൽ കയറി ദൂരെ എവിടെയോ പോയിആണ് മീൻപിടുത്തം.മര്യാദയുടെയും ഭീഷണിയും ഒക്കെ ഭാഷയിൽ പലതവണ പറഞ്ഞു നോക്കിയിട്ടുംഎന്നെ ഇതുവരെ കൂടെ കൊണ്ടുപോയിട്ടില്ല."മീൻ കറി കൂട്ടി ഉണ്ണാനുള്ള പ്രായമായെങ്കിലും മീൻ പിടിക്കാനുള്ള പ്രായംനിനക്കായിട്ടില്ല" എന്നാണ് ഏട്ടൻറെ ഡയലോഗ്.എന്തായാലും തോറ്റു പിന്മാറാൻ ഞാൻ തയ്യാറല്ലായിരുന്നു.യൂട്യൂബിലും ഗൂഗിളിലും ഒക്കെ നോക്കി മീൻ പിടുത്തത്തിന്റെ തിയറി ഞാൻ പഠിച്ചെടുത്തു.ഒരു ദിവസം ഉച്ചഭക്ഷണം കഴിച്ചു കഴിഞ്ഞ് ഇങ്ങനെ കോലയിൽ ഇരിക്കുമ്പോൾ അമ്മ ഒരു ബുക്കുമായി മുറ്റത്തേക്ക് ഇറങ്ങുന്നു.ഞാൻ അപ്പോൾ ചോദിച്ചു എവിടെ പോവാ എന്ന് .അപ്പോൾ അമ്മ പറഞ്ഞു ഞാൻ ഒന്ന് കുടുംബശ്രീക്ക് പോയി വരാമെന്ന് .അമ്മ പോയ നേരം നോക്കി ഞാൻ ഏട്ടൻറെ മുറിയിൽ നിന്ന് പഴയൊരു ചൂണ്ടയും പറമ്പിൽ നിന്ന് മണ്ണിരയുമായി വീട്ടിനടുത്തുള്ള തോട്ടിലേക്ക് പോയി.ഏകദേശം 10 മിനിറ്റോളം ചൂണ്ടയിൽ ഒന്നും കൊത്തിയില്ല.പിന്നെ ഞാൻ നോക്കിയപ്പോൾ ചൂണ്ടയ്ക്ക് നല്ല ഭാരം.വല്ല സ്രാവോ തിമിംഗലമോ ഒക്കെ ആണെങ്കിൽ പെട്ടി ഓട്ടോറിക്ഷ വിളിച്ച് വീട്ടിൽ കൊണ്ടുപോകേണ്ടേ എന്ന് ടെൻഷനടിച്ച് ഞാൻ ചൂണ്ട ആഞ്ഞുവലിച്ചു.ഞാൻ നോക്കുമ്പോൾ ചൂണ്ടയിൽ ഒരു കറുത്ത സാധനം ഞാൻ വിചാരിച്ചു ഒരുതരം മീനായിരിക്കുമെന്ന് , പിന്നെയാണ് അതിൻറെ തല കാണുന്നത് അപ്പോഴാണ് എനിക്ക് മനസ്സിലായത് അത് ചേരയാണെന്ന് .ആ ചൂണ്ടയും ചൂണ്ടയിലെ ചേരയെയും തോട്ടിലേക്ക് ഇട്ട് ഞാൻ ഓടി .പിറ്റേന്ന് എനിക്ക് പനി .നാട്ടുകാരും വീട്ടുകാരും പറഞ്ഞു മഴ കൊണ്ടിട്ടാണെന്ന് പക്ഷേ അതൊന്നുമല്ല പേടിച്ച് പനിച്ചതാണ്.

# ലഹരി തകർക്കുന്ന ജീവിതങ്ങൾ

എന്താണ് ലഹരി? ലഹരി രണ്ടു തരത്തിലുണ്ട്. ഒന്ന് അമിതമായ ഇഷ്ടം . രണ്ട് മനുഷ്യരാശിയെ തന്നെ ഇല്ലാതാക്കാൻ ശേഷിയുള്ള അതിമാരകമായ ലഹരി. ഇന്ന് സമൂഹത്തിൽ ആഞ്ഞടിക്കുന്ന മഹാമാരി തന്നെയാണ് ഈ ലഹരി. ലഹരിയുടെ ഉപയോഗവും അതിന്റെ വിപണനവും ഇന്നത്തെ സമൂഹത്തെ മാത്രമല്ല, വരാനിരിക്കുന്ന പുതുജീവനെ വരെ ഒരു നിമിഷം കൊണ്ട് ഇല്ലാതാക്കാൻ കഴിയുന്നതാണ്.

ഇന്ന് എവിടെ തിരിഞ്ഞാലും ലഹരികൾക്കടിമയായി നിൽക്കുന്ന യുവാക്കളെ കാണാം . യുവാക്കൾ മാത്രമല്ല ഇന്നത്തെ സമൂഹത്തിൽ ലഹരി ഉപയോഗിക്കുന്നത്. ഒരുപക്ഷേ അവരെക്കാൾ അധികം ലഹരിക്ക് അടിമകളാകുന്നത് വിദ്യാർഥികളാണ്. സമൂഹത്തെ ഗുണപരമായി വാർത്തെടുക്കാൻ കഴിവുള്ള വിദ്യാർത്ഥികൾ ലഹരിക്ക് അടിമയാകുന്നത് ,ഒരു സമൂഹത്തെ എന്നതിലുപരി ലോകത്തെ തന്നെ നശിപ്പിക്കാൻ ശേഷിയുള്ളവരായി തീരുന്നു എന്നതാണ് ഒരു ജനതയുടെ മഹാവിപത്ത്. വിദ്യാർത്ഥികൾ അറിയാതെയാണ് ലഹരി മാഫിയയുടെ വലയിൽഅകപ്പെടുന്നത്.അവരെ ലഹരികളിലേക്ക് ആകർഷിക്കാൻ അനേകം യുവാക്കൾ വിദ്യാലയങ്ങളെ ചുറ്റിവളഞ്ഞിരിക്കുന്നു. ഈ ബന്ധിതമായ ലഹരി മാഫിയയെ തകർക്കുക എന്നതാണ് ഒരു ഉത്തമ പൗരന്റെ കർത്തവ്യം. പണ്ടുകാലങ്ങളിൽ ലഹരിയുടെ ഉപയോഗം നിലനിന്നിരുന്നെങ്കിലും അതിന്റെ വിവിധ രൂപങ്ങളും ഉപയോഗവും കുറവായിരുന്നു. പണ്ടുകാലങ്ങളിൽ ലഹരിക്ക് അടിമകളായ വ്യക്തികൾക്കെതിരെയുള്ള കേസുകൾ കുറവായിരുന്നു. എന്നാൽ ഇന്ന് പോലീസ് സ്റ്റേഷനുകളിലും നെർക്കോട്ടിക് കൺട്രോൾ ബ്യൂറോയിലും വരുന്ന കേസുകൾ ആയിരക്കണക്കിനാണ്. എന്തുകൊണ്ടാണ് ഇന്ന് ഇത്തരം ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ വർദ്ധനവ് വന്നത് എന്ന് ഈ ജനത ചിന്തിക്കേണ്ട കാര്യമാണ്. ഒപ്പം അതിനെ ഒരു മഹാവിപത്തായി കണ്ട് അതിനെ പൂർണ്ണമായും നശിപ്പിക്കാൻ സന്നദ്ധരാവണം.

ലഹരി വിവിധ രൂപങ്ങളിലാണ് യുവജനതയെ കീഴടക്കുന്നത്. ഇന്ന് പ്രചാരത്തിലുള്ള ചെറിയ ഗുളികകളുടെ രൂപത്തിലുള്ള എംഡി എം എ എന്ന മാരകമായ ലഹരി മനുഷ്യരാശിയെ കാർന്നുതിന്നുന്ന മഹാമാരി ആണെന്നു തന്നെ പറയാം. ഇന്നത്തെ കാലത്ത് പോലീസ് സ്റ്റേഷനുകളിൽ വരുന്ന ലഹരി കേസുകളിൽ അധികവും എംഡി എം എ എന്ന മാരകവിപത്തിന് അടിമയായവരാണ്. അതുപോലെ തന്നെ കഞ്ചാവിന്റെ ഉപയോഗം. . എംഡി എം എയിൽ അടങ്ങിയിരിക്കുന്ന രാസപദാർത്ഥങ്ങളുടെ പത്തിൽ ഒരു ശതമാനം മാത്രമേ കഞ്ചാവിൽ ഉള്ളൂ. എന്നാൽ കഞ്ചാവ് അമിതമായി ഉപയോഗിക്കുന്നതിലൂടെ ഒരു മനുഷ്യന്റെ ജീവിതകാലയളവ് കുറഞ്ഞ വരുന്നു. എം ഡി എം എ ഉപയോഗിക്കുന്നതിലൂടെ ഒരു മനുഷ്യന്റെ ജീവിതം ഒരു നിമിഷത്തേക്ക് എന്നതുപോലെ ഇല്ലാതാവുന്നു.

ലഹരി ഒരു മനുഷ്യന്റെ ആരോഗ്യത്തെ മാത്രമല്ല അവന്റെ ജീവിതത്തെയുംതകർക്കുന്നു. ലഹരി ഉപയോഗത്തിലൂടെ ഒരു മനുഷ്യന്റെ ആന്തരിക അവയവങ്ങൾ തകരാറിലാവുകയും ഒപ്പം അവയുടെ പൂർണ്ണ പ്രവർത്തി

നിർത്തുന്നതിന് കാരണമാകുന്നു. അമിതമായ ലഹരി ഉപയോഗം മൂലം ഒരു മനുഷ്യന്റെ ആന്തരിക അവയവങ്ങൾ നശിക്കുന്നതോടെ അവൻ എന്നെന്നേക്കുമായി ഒരു ജീവച്ഛവം പോലെ കഴിയേണ്ടി വരുന്നു. ലഹരി ഉപയോഗം സ്വന്തം ശരീരത്തിന് മാത്രമല്ല അത് ആത്മബന്ധങ്ങളെ പോലും ഇല്ലാതാക്കുന്നു. ഇതിന്റെ ഉപയോഗം ഒരു കുടുംബത്തിൽ ആർക്കെങ്കിലും ഉണ്ടെങ്കിൽ അതിനെ നേരിടാൻ സന്നദ്ധരാവണം ഇന്നത്തെ ജനത.

അമിതമായി ലഹരി ഉപയോഗിക്കുന്നവരെ സമൂഹത്തിൽ അകറ്റിനിർത്താതെ അവരെ ഒരു ഉത്തമ പുരുഷന്മാരായി മാറ്റേണ്ടത് പുതുതലമുറയുടെ ഉത്തരവാദിത്വമാണ്. നമ്മുടെ കർത്തവ്യമാണ്. ഒരു സമൂഹത്തെ നശിപ്പിക്കാൻ ഒരാൾ മാത്രം മതി എന്നാൽ ഒരു സമൂഹത്തെ നേർവഴിക്ക് നടക്കാൻ ആ സമൂഹത്തിലെ തന്നെയുള്ള ഒരു മനുഷ്യൻ തന്നെ മതി.

ഇന്നത്തെ കാലത്ത് ആൺകുട്ടികൾ മാത്രമല്ല പെൺകുട്ടികളും ലഹരിക്ക് അടിമകളാണ്. ലഹരി മാഫിയ എന്നത് ഒരു ചെറിയ സിങ്കം അല്ല . അത് ലോകത്തിൽ തന്നെ ഒരു മഹാശൃംഖലയായി മാറിക്കഴിഞ്ഞു . ലഹരി മാഫിയ നമ്മുടെ ചുറ്റുവട്ടത്തും വിദ്യാലയങ്ങളുടെ പരിസരത്തും ഒരു ചങ്ങല പോലെ പ്രവർത്തിക്കുകയാണ്. ആദ്യം തന്നെ ഈ ലഹരി മാഫിയ എന്ന ശൃഖംല തകർക്കാൻ കഴിഞ്ഞാൽ അത് പുതുതലമുറയ്ക്ക് നന്മയുടെയും സ്നേഹത്തിന്റെയും പുതുവെളിച്ചം ആവുകയും ചെയ്യും.

ഇന്ന് ലഹരിയുടെ ഉപയോഗം അമിതമായതിനാൽ അതിനെതിരെ പ്രവർത്തിക്കുന്ന സംഘടനകൾ ധാരാളം ഉണ്ട്.. ലഹരി ഉപയോഗത്താൽ വിവിധ ക്രൂരകൃത്യങ്ങൾ ചെയ്ത കുറ്റവാളികളുടെ എണ്ണത്തിലും വൻ വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതുപ്രകാരം കഴിഞ്ഞുപോയ വർഷങ്ങളേക്കാൾ ഏറെയും ഈ വർഷമാണ് ലഹരി അടിമകളായ വ്യക്തികൾക്കെതിരെയുള്ള കേസുകൾഏറ്റവും കൂടുതൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇന്നത്തെ നിയമങ്ങൾക്ക് അനുസരിച്ചുള്ള ശിക്ഷയാണ് ഇന്ന് ലഹരി അടിമകളായ കുറ്റവാളികൾക്കും നൽകുന്നത്. അതും ഒന്നോ രണ്ടോ വർഷം തടവും. ഇത്തരത്തിലുള്ള ക്രൂര കുറ്റവാളികൾക്ക് പരമാവധി ശിക്ഷ നൽകണം.
ലഹരി അടിമകൾ ആയവരെ ശരിയായ ചികിത്സാരീതിയിലൂടെ ഉത്തമ പൗരന്മാർ ആക്കാൻ സാധിക്കണം.
ഇന്നത്തെ ജനതയെ ലഹരിയുടെ മാരകമായ വിപത്തുകളെ പറ്റി ബോധവാന്മാരാക്കാനും നമുക്ക് സാധിക്കണം.
ലഹരി മാഫിയ എന്ന ശൃംഖല പ്രതിരോധിക്കാനും അതിനെ ധൈര്യത്തോടെ നശിപ്പിക്കാനും നമുക്ക് സാധിക്കണം.ഓരോ വിദ്യാർത്ഥിയും ഭാവി തലമുറയുടെ വാഗ്ദാനങ്ങൾ ആണ്. അവരെ ലഹരിക്ക് അടിമയാവാതെ കാത്തുസൂക്ഷിക്കാനും നാം സന്നദ്ധരാവണം. ശരിക്കും" ലഹരി ജീവിതത്തെ അല്ല തകർക്കേണ്ടത് മറിച്ച് ന ലഹരിയെയാണ് തകർക്കേണ്ടത്. "

# കാടകങ്ങളിലൂടെ

എന്റെ ആദ്യത്തെ നേച്ചർ ക്യാമ്പ് ആണ് ഒക്ടോബർ 27,28,29 തീയതികളിലായി പാലക്കാട് ജില്ലയിലെ പറമ്പികുളം ടൈഗർ റിസർവിൽ വെച്ച് നടന്നത്. 27 തീയതി സീസ് എക്സാം ആയതുകൊണ്ട് 1:30 നാണ് ഞങ്ങൾ സ്കൂളിൽ നിന്ന് പാലക്കാടേക്ക് പുറപ്പെട്ടദ്.ആദ്യത്തെ ദിവസം വൈകി എത്തിയത് കൊണ്ട് ആ ദിവസം ക്ലാസുകൾ ഒന്നുമില്ലായിരുന്നു.28ആം തീയതി ആദ്യം തന്നെ bird വാച്ചിങ് ആയിരുന്നു.ഞങ്ങൾ കേട്ട കിളി നാഥങ്ങൾ എന്റെ മനസ്സിൽ കൗതുകമുണർത്തി ഈ കിളികളെ പറ്റി ഞങ്ങൾക്ക് പറഞ്ഞു തന്നത് രണ്ട് ഓഫീസഴ്സ് ആണ് മുരുകൻ ചേട്ടനും ശിവ കുമാർ ചേട്ടനും.തിരിച്ചെത്തിയ ശേഷം സവ്യ മാഡം ഔഷധ ചെടികളെ പറിയും അതിന്റെ ഉപയോഗത്തെ പറ്റിയും പറഞ്ഞു തന്നു.ശേഷം ധാരാളം സാധനങ്ങൾ എക്സിബിറ്റ് ചെയ്തിരിക്കുന്നത് കാണിച്ചുതന്നു.പിന്നീടുണ്ടായിരു ഫോറെസ്റ്റ് ഓഫീസർ ആയിരുന്ന മുരുഗൻ സാറിന്റെ ക്ലാസ്സായിരുന്നു.സാർ ഞങ്ങൾക്ക് പറമ്പികുളത്തിന്റെ ചരിത്രത്തെ പറ്റി പറഞ്ഞു തന്നു.കൂടാതെ കടുവയെ പറ്റിയും അതിന്റെ ആഹാരത്തെ പറ്റിയുമെല്ലാം പറഞ്ഞു.ശേഷം സഫാരി ആയിരുന്നു ആദ്യം ഞങ്ങൾ എത്തി ചേർന്നത് തൂനക്കടവ് ഡാമിനടുത്താണ് അവിടെ നിന്ന് കുറച്ചു ഫോട്ടോസ് എടുത്ത ശേഷം പറമ്പികുളം ഡാമിനാടുത്തേക്കാണ് പോയത് അവിടെ വെച്ചും ഫോട്ടോസ് എടുത്തു രാത്രി 7:00 തൊട്ട് വീണ്ടും മുരുഗൻ സാറിന്റെ ക്ലാസ്സ് ആയിരുന്നു അവസാന ദിവസമായ 29 തീയതി രാവിലെ തന്നെ മെഡിറ്റേഷൻ ചെയ്യാനായി ഒരു പാരപ്പുറത്തെത്തി.അവിടേക്കുള്ള യാത്രക്കിടയിലും ധാരാളം മൃഗങ്ങളുടെ ശബ്ദം കേൾക്കാൻ സാധിച്ചു 10 മിനിറ്റ് നേരം ഞങ്ങൾEnglish (UK) കണ്ണടച്ചിരുന്നു ആ സമയത്ത് ധാരാളം പക്ഷികളുടെ ശബ്ദം എനിക്ക് കേൾക്കാൻ സാധിച്ചു.അതിൽ എനിക്ക് അപരിചിതമായ ശബ്ദങ്ങളും ഉണ്ടായിരുന്നു.ശേഷം ട്രെക്കിങ്ങിനായി നാട്ടിEnglish (UK)ലേക്ക് പോയി അവിടം വളരെ മനോഹരമായിരുന്നു. ഇടതൂർന്ന മരങ്ങൾ,കൊച്ചു കൊച്ചു ചെടികൾ,പുൽമെടുകൾ,നീർച്ചാലുകൾ അങ്ങനെ അങ്ങനെ കുറെ കാര്യങ്ങൾ.അവിടെ വെച്ച് ഞങ്ങൾ ഒരു അമ്മ ആനയെയും ഒരു കുഞ്ഞു ആനയെയും കണ്ടു.ആ ആനകൾ ഞങ്ങളെ ആക്രമിക്കുന്നതിൽ നിന്ന് ഞങ്ങളെ സംരക്ഷിച്ചത് മുരുഗൻ ചേട്ടനും ശിവ കുമാർ ചേട്ടനും ആയിരുന്നു.ശേഷം ഒരു പഴയെ കെട്ടിടത്തിനുള്ളിൽ കരടി ഉള്ളതായി അവർ കണ്ടെത്തുകയും അതിന്റെ കാൽപാടുകൾ ഞങ്ങൾക്ക് കാണിച്ചുതന്ന് ഞങ്ങളെ അവിടെ നിന്നും വേഗം പുറത്താക്കുകയും ചെയ്തു.ഉച്ചയായപ്പോൾ ക്യാമ്പ് സമാപന ചടങ്ങുകളായിരുന്നു.സമാപന ചടങ്ങിൽവെച് മുരുകൻ സർ പറമ്പികുളം പൂമ്പാറ്റകളെ പറ്റിയുള്ള ഒരു ബുക്കും സിർട്ടിഫിക്കറ്റും ലാലി ടീച്ചറിനും ലത്തീഫ് സാറിനും കൈമാറി.ഉച്ച ഭക്ഷണത്തിനു ശേഷം ഞങ്ങൾ തിരിച്ചുള്ള യാത്ര ആരംഭിച്ചു.അങ്ങനെ 8 മണി നേരം ഞങ്ങൾ പാട്ടു പാടിയും ഡാൻസ് കളിച്ചുമെല്ലാം ഞങ്ങളുടെ എവരുടേരയും വീട്ടിലേക്ക് യാത്രയായി.ഈ ക്യാമ്പ് എനിക്ക് നല്ലൊരു അനുഭവമായിരുന്നു.

# തനിച്ചിരിക്കുമ്പോൾ

ശാന്തമായ പകൽ . രാമു എന്ന കുട്ടിക്ക് മനസ്സിൽ ഒരു ആശയം വന്നു . തന്റെ തൊട്ടടുത്തുള്ള ഒരു വലിയ , പച്ചപ്പ് നിറഞ്ഞ , കിളികൾ ഒച്ച വച്ച് പറക്കുന്ന , വന്യ മൃഗങ്ങൾ കളിക്കുന്ന പർവതത്തിലേക്ക് പോകുവാൻ തന്റെ മനസ്സ് തുടിക്കുന്നു .

”രാമു” ......... അവനെ അമ്മ തിരക്കി . ”എന്താ അമ്മേ” അവന്റെ മറുപടി ഉടനെ വന്നു . ”മോനെ ......... ഇന്ന് സ്കൂളിൽ പോവേണ്ടേ ..... പുറത്ത് നല്ല മഴയാണ് . .... അമ്മക്ക് ഇന്ന് അമ്മമ്മേന്റെ വീട്ടിൽ പോകാനുണ്ട് .....” ”ശരി ..... ഞാൻ ഇവിടെ ഒറ്റയ്ക്ക് നിന്നു കൊള്ളാം.”... അൽപ്പ സമയത്തിനു ശേഷം അമ്മ വീട്ടിൽ നിന്നും പോയി . രാമു ഒരു കുടയും , കുറച്ചു റൊട്ടി കഷ്ണവുമായി തന്റെ യാത്ര ആരംഭിച്ചു .അവന്റെ ഓർമ വച്ച് , ഏകദേശം ഒരു 25 മൈൽ ദൂരം സഞ്ചരിക്കണം , അതും തനിച്ച് . അവന്റെ ഏറ്റവും വലിയ ലക്ഷ്യം എന്നു പറയുന്നത് മലയുടെ ഏറ്റവും മുകളിൽ ഉള്ള അരുവിയിൽ നിന്നും കുറച്ചു ശുദ്ധമായ ജലം കുടിക്കണം എന്നും അതിൽ ഇറങ്ങി നീരാടണം എന്നും ആയിരുന്നു . കഠിനമായ വഴികൾ താണ്ടി അവൻ നടന്നു . സമയം 12 മണിയായി. കാർമേഘം മാറി നല്ല കഠിനമായ വെയിൽ . തലയുടെ തൊട്ട് മുകളിൽ കത്തി ജ്വലിച്ചു നിൽക്കുന്ന പ്രകാശ സ്രോതസ്സ് . താൻ ഒട്ടും പിന്മാരുകയില്ല എന്ന നിർബന്ധത്തോടെ അവൻ നടന്നു .

വഴികൾ അതി കഠിനവും കല്ലുകൾ നിറഞ്ഞതും ആയിരുന്നു . അവൻ ചെരുപ്പ് ഇട്ടില്ലായിരുന്നു. പ്രകൃതിയുടെ തണുപ്പും ചൂടും അറിയണമെന്ന് അവന് ആഗ്രഹം ഉണ്ടായിരുന്നു . കുറേ ദൂരം പിന്നിട്ടു , വഴിയിൽ ഒരു മരം വെട്ടു കാരനെ അവൻ കണ്ടു . അദ്ദേഹം തന്റെ പണി ആയുധങ്ങളുമായി തന്റെ എതിർ വശത്ത് കൂടി കടന്നു വരികയായിരുന്നു . അവൻ ചോദിച്ചു ,

ഇനി എത്ര ദൂരമുണ്ട് മുകളിൽ എത്താൻ ?

അദ്ദേഹം മറുപടി പറഞ്ഞു , ഏകദേശം 20 മൈൽ കാണും . അദ്ദേഹത്തിന് അത്ര നിശ്ചയം ഉണ്ടായിരുന്നില്ല . സമയം 12 . 45 . അവൻ അയാളെ കടന്നു ,നടന്നു നീങ്ങി . വഴികൾ വളഞ്ഞു തിരിഞ്ഞ തായിരുന്നു . ചുട്ടു പൊള്ളുന്ന കാലുകൾ . അവൻ അതൊക്കെ സഹിച്ച് മുന്നോട്ട് നടന്നു . വഴിക്കിടയിൽ അവൻ ഒരു പുൽ വെട്ടുകാരിയെ കണ്ടു .

അവൻ ചോദിച്ചു ഇനി എത്ര ദൂരം ഉണ്ട് ?

അവൾ പറഞ്ഞു ഒരു 15 മൈൽ കാണും . അവൾക്ക് വഴി അത്ര പരിചയം ഉണ്ടായിരുന്നില്ല . അവൻ വീണ്ടും നടന്നു നീങ്ങി ...... അവന് വല്ലാത്ത ദാഹം അനുഭവപെട്ടു. അതെല്ലാം സഹിച്ച് അവൻ മുന്നോട്ട് നടന്നു . ഒരു ഒറ്റ ഉദ്ദേശ്യവുമായി .

വഴികൾ പിന്നിട്ടു. സമയവും കടന്നു നീങ്ങി .

അവൻ ഒരു ആട്ടിടയനുമായി കണ്ടുമുട്ടി . അവൻ തന്റെ ആടുകളുമായി മലയിൽ നിന്ന് താഴേക്ക് വരികയായിരുന്നു . അവൻ കുറെ നേരം ആട്ടിടയനുമായി സംഭാഷണത്തിൽ ഏർപ്പെട്ടു . അവൻ മലമുകളിലേക്ക് ഉള്ള വഴി അന്വേഷിച്ചു . ആട്ടിടയൻ പറഞ്ഞു , ഇനി വെറും 2 മൈൽ മാത്രം .

സമയം 4 മണി . വെള്ളത്തിന്റെ ശബ്ദം അവന്റെ കാതുകളിൽ അലയടിച്ചു . അവന്റെ മനസ്സിൽ ഒരു ആശ്വാസം വന്നു . താൻ ലക്ഷ്യത്തിൽ എത്തി എന്ന ആത്മവിശ്വാസം അവന്റെ മനസ്സിൽ ഓടി എത്തി . അവൻ ആ മനോഹരമായ ദൃശ്യം കണ്ടു .അവൻ ആ വെള്ളം തൊട്ടു .അവന്റെ മനസ്സ് തണുത്തു . നല്ല തണുപ്പുള്ള വെള്ളം . അവൻ കൈക്കുമ്പിളിൽ കുറച്ചു വെള്ളം എടുത്തു കുടിച്ചു . നല്ല രുചി . അവൻ ഇതുവരെ അത്ര മധുരമുള്ള വെള്ളം കുടിച്ചില്ല . നല്ല തെളിഞ്ഞ വെള്ളം . അവൻ ആ അരുവിയിൽ ഇറങ്ങി . അവന്റെ ശരീരം തണുത്തുപോയി . മലമുകളിൽ നിന്ന് വരുന്ന അരുവി കാണാൻ അതി മനോഹരമാണ് . അവൻ അതൊക്കെ ആസ്വദിച്ച് അവിടെ നിന്നും നല്ല ഓർമകളുമായി തിരിച്ചു നടന്നു . അവൻ തിരിച്ചു നടക്കുമ്പോൾ ആലോചിച്ചു . തനിച്ചായിരിക്കുന്നതിനെക്കാൾ നല്ലത് കൂട്ടുകാരോടൊപ്പം വരുന്നതായിരുന്നു .

# എഡിറ്റോറിയൽ ബോർഡ്


അബ്ദുൽ ബാസിത്

ഫസൽ റഹ്മാൻ

നഹ്‌ല ഫാത്തിമ

നിഹാല ആയിഷ

ഫാത്തിമ ശൈഖ

നേഹജ നജൂത്

ആയിഷ മാഫിയ

നന്ദി........